കേരള സർക്കാർ

# 2023-24
# ഭരണറിപ്പോർട്ട്



മഹാത്മാഗാന്ധി ദേശീയ
ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് യൂണിറ്റ്
## കേരളം

# അവതാരിക

കാര്യക്ഷമവും സുതാര്യവുമായ ഭരണനിർവ്വഹണം ഉറപ്പാക്കുക എന്നതാണ് നവകേരള നിർമ്മിതി ലക്ഷ്യങ്ങളിൽ സുപ്രധാനമായ ഒന്നായി കേരള ഗവൺമെന്റ് അംഗീകരിച്ച് നടപ്പാക്കി വരുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിൽ സോഷ്യൽ ഓഡിറ്റിന് വലിയ സംഭാവനയാണ് നൽകുവാനുള്ളത്. ഈയൊരു കാഴ്ചപ്പാടോടുകൂടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിക്ക് 2023-24 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകൾ നടപ്പാക്കുന്ന എല്ലാ പ്രോജക്ടുകളും ഓരോ ആറ് മാസത്തിലും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനും റിപ്പോർട്ട് ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നതിനും കഴിയുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമെന്ന ബഹുമതി കൈവരിക്കുന്നതിനും കേരളത്തിന് കഴിഞ്ഞു എന്നത് അഭിമാനകരമായ നേട്ടമാണ്. 2023-24 സാമ്പത്തിക വർഷത്തിലും സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് സംസ്ഥാനം എന്ന അംഗീകാരം നിലനിർത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം തന്നെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയും അംഗീകരിച്ചിട്ടുള്ള സോഷ്യൽ ഓഡിറ്റ് സ്റ്റാന്റേർഡ്സ് പൂർണ്ണമായും പാലിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും 2023-24 വർഷത്തിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പുറമെ മറ്റ് വികസന പദ്ധതികളുടെയും സോഷ്യൽ ഓഡിറ്റ് നടപ്പാക്കണമെന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തീരുമാനം നടപ്പാക്കുന്നതിനും 2023-24 വർഷത്തിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പരിശ്രമങ്ങൾ നടത്തുകയുണ്ടായി. കേന്ദ്ര സാമൂഹ്യ നീതി - ശാക്തീകരണ

മന്ത്രാലയത്തിന്റെ സഹായത്തോടെ നടപ്പാക്കുന്ന വിവിധ സ്കീമുകളുടെയും നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പാക്കുന്ന ആർദ്രം മിഷൻ പ്രവർത്തനങ്ങളുടെയും സോഷ്യൽ ഓഡിറ്റ് പൈലറ്റ് അടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിനും 2023-24 വർഷത്തിൽ കഴിഞ്ഞിട്ടുണ്ട്. വിവിധ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിനെ ശക്തിപ്പെടുത്തുന്നതിനും റിസോഴ്സ് പേഴ്സൺമാരുടെ ഓഡിറ്റ് വൈദഗ്ധ്യം വളർത്തുന്നതിനും ക്രിയാത്മാകമായ ഇടപെടലുകൾ നടത്തുന്നതിന് 2023-24 വർഷത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നടപ്പാക്കിയ പ്രവർത്തനങ്ങൾ രാജ്യത്താകെ ശ്രദ്ധിക്കപ്പെടുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്നത് ഏറെ അഭിമാനകരമാണ്. ഇത്തരം നേട്ടങ്ങൾ കൈവരിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിക്ക് എല്ലാ പിന്തുണയും സഹായങ്ങളും നൽകിയ ജനറൽ ബോഡി അംഗങ്ങൾക്കും ഗവേണിംഗ് ബോഡി അംഗങ്ങൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് 2023-24 വർഷത്തെ ഭരണ റിപ്പോർട്ട് പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**വിശ്വസ്തതയോടെ,**

**പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്**
ചെയർമാൻ (ഗവൺമെന്റ് സെക്രട്ടറി
കേരള ഗവൺമെന്റ് )

**ഡോ. എൻ. രമാകാന്തൻ**
ഡയറക്ടർ
സോഷ്യൽ ഓഡിറ്റ് യൂണിറ്റ്

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
# സോഷ്യൽ ഓഡിറ്റ് യൂണിറ്റ്, കേരളം
# 2023 – 24 ഭരണ റിപ്പോർട്ട്

## I. ആമുഖം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 വിഭാവനം ചെയ്തിട്ടുള്ള സോഷ്യൽ ഓഡിറ്റ് പ്രക്രിയ, പദ്ധതിയുടെ ഉയർന്ന ധാർമ്മികതയും മൂല്യങ്ങളും ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്. പദ്ധതി നിർവ്വഹണം സുതാര്യവും, കാര്യക്ഷമവും, ഉത്തരവാദിത്വത്തോടുകൂടിയും നടപ്പിലാക്കുന്നതിനുള്ള പ്രധാന ഉപാധിയായി സോഷ്യൽ ഓഡിറ്റ് പ്രക്രിയയെ കണക്കാക്കുന്നു. സാമൂഹിക വികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ നിർവ്വഹണം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ജനങ്ങളെ വ്യക്തിപരമായും കൂട്ടായും ശക്തിപ്പെടുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് പ്രധാനമായും ലക്ഷ്യമിടുന്നു. പദ്ധതി നിർവ്വഹണ ഏജൻസികളുടെ ഇടപെടലുകളിൽ നിന്നും വേറിട്ട ഒരു സ്വതന്ത്ര പ്രക്രിയയായിരിക്കണം സോഷ്യൽ ഓഡിറ്റ് എന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 ചട്ടം 5-ൽ നിഷ്കർഷിക്കുന്നു. ഭരണ നിർവ്വഹണത്തിലും വികസനത്തിലും സുതാര്യത കൈവരിക്കുന്നതിനും ജനങ്ങളോട് ഉത്തരവാദിത്വപ്പെട്ട് ഭരണ സുതാര്യത ഉറപ്പാക്കുന്നതിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് ലക്ഷ്യമിടുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ 17-ാം വകുപ്പിൽ ഗ്രാമസഭകളെ പദ്ധതി വിലയിരുത്തലുകൾക്കായി ശക്തിപ്പെടുത്തി പ്രയോജനപ്പെടുത്തണമെന്നത് സോഷ്യൽ ഓഡിന്റെ അനിവാര്യത ഉറപ്പ് വരുത്തുന്നു.

### I. 1 സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റുകൾ

കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ രൂപം നൽകി അംഗീകരിച്ച ഓഡിറ്റ് ഓഫ് സ്കീം റൂൾസ് 2011 അനുസരിച്ച് സംസ്ഥാന ഗവൺമെന്റിന്റെ പിന്തുണയും സഹായവും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് ഉറപ്പു വരുത്തേണ്ടതുണ്ട്. സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനും ഇതിനായി ചുമതലപ്പെട്ട സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് നേതൃത്വം നൽകുന്നതിനും സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് 2015-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി(GO (Rt) NO. 3906/2015-LSGD/dated 30-12-2015). പ്രസ്തുത ഉത്തരവിൽ ഇത്തരത്തിൽ രൂപീകൃതമാകുന്ന സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനും തീരുമാനിക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി

യുടെയും, സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെയും പ്രവർത്തനത്തിനാവശ്യമായ മാർഗ്ഗ രേഖയും പ്രസ്തുത ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കുകയുണ്ടായി. അനന്തരം സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ബൈലോ തയ്യാറാക്കി സർക്കാർ അനുമതിയോടെ 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്ര ധർമ്മ സംഘങ്ങൾ നിയമപ്രകാരം കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി(Mahathma Gandhi NREGA Social Audit Society Kerala) നമ്പർ TVM/TC/12/2017 പ്രകാരം 2017 ജനുവരി 31- ന് രജിസ്റ്റർ ചെയ്തു. 08-09-2016 - ലെ GO(Rt No. 2648/2016/LSGD പ്രകാരം സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ആദ്യ ഗവേണിംഗ് ബോഡി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും മഹാത്മാഗാന്ധി നാഷണൽ എംപ്ലോയ് മെന്റ് ഗ്യാരന്റി സ്കീം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (എം.ജി.എൻ.എസ്.എ.എസ്.കെ.) നിലവിൽ വരികയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തുടർന്ന് 2022 മാർച്ച് മാസം 21-ാം തീയതി ചേർന്ന ഗവേണിംഗ് ബോഡി കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഭരണസമതി പുനഃസംഘടന സംബന്ധിച്ച് തീരുമാനമെടുക്കുകയും, ഗവേണിംഗ് ബോഡി അംഗീകരിച്ച പുതുക്കിയ ബൈലോ തിരുവനന്തപുരം രജിസ്ട്രാറുടെ ഓഫീസിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. പുതുക്കിയ ബൈലോ പ്രകാരം 26 അംഗങ്ങൾ ഉള്ള ജനറൽ ബോഡിയും, 11 അംഗങ്ങൾ ഉള്ള ഗവേണിംഗ് ബോഡിയും 7 അംഗങ്ങൾ ഉള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിൽ വന്നു.

പുതുക്കിയ ബൈലോ പ്രകാരം ജനറൽ ബോഡി, ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ പുനഃസംഘടിപ്പിക്കുന്നതിനായി 21.03.2022-ന് GO(Rt) NO.696/2022/LSGD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം 1 കാണുക). ഈ ഉത്തരവ് പ്രകാരം 26 അംഗ ജനറൽ ബോഡിയും, 10 അംഗ ഗവേണിംഗ് ബോഡിയും, 6 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ച് സർക്കാർ ഉത്തരവായി. തുടർന്ന് 21.04.2022-ലെ GO(Rt) No. 1000/2022/LSGD പ്രകാരം 21.03.2022-ലെ ഉത്തരവ് ഭേദഗതി ചെയ്യുകയും അതിൻ പ്രകാരം ശ്രീ. പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്. (സെക്രട്ടറി ജലവിഭവ വകുപ്പ്) ചെയർമാനായും, ശ്രീ. എസ്സ്. രാജേന്ദ്രനെ ഗവേണിംഗ് ബോഡിയിലെ 4-ാം അനൗദ്യോഗിക അംഗമായും 2 അനൗദ്യോഗിക അംഗങ്ങളുടെ നോമിനേഷൻ പിൻവലിച്ച് ഭേദഗതി ഉത്തരവ് നിലവിൽ വന്നു(അനുബന്ധം2). തുടർന്ന് 13-ാമത് ഗവേണിംഗ് ബോഡി യോഗം എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളായി ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീ. എ.എൻ പ്രഭാകരൻ എന്നിവരെ തെരഞ്ഞെടുക്കുകയുണ്ടായി.

## I. 2 സംസ്ഥാന സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഘടന

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഭരണ സംവിധാനം




## I. 3 ജനറൽ ബോഡി

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് പൊതുവായതും നയപരമായതുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് ജനറൽ ബോഡിയാണ്. കൂടാതെ താഴെപ്പറയുന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും ജനറൽ ബോഡിയിൽ നിക്ഷിപ്തമാണ്.





1. സൊസൈറ്റിയുടെ ഓരോ വർഷത്തെയും വാർഷിക വരവ്-ചെലവ് കണക്കുകളും ബാലൻസ് ഷീറ്റും അംഗീകരിക്കുക.
2. സൊസൈറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വാർഷിക ഭരണ റിപ്പോർട്ട് അംഗീകരിക്കുക.
3. സൊസൈറ്റിയുടെ ബൈലോയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും അവ സർക്കാരിന്റെ അംഗീകാരത്തോടെ പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുക.
4. ഗവേണിംഗ് ബോഡി നിർദ്ദേശിക്കുന്ന കാര്യങ്ങളും ശുപാർശകളും ആവശ്യമെങ്കിൽ ഭേദഗതികളോടെ അംഗീകരിക്കുക.
5. സൊസൈറ്റിയുടെ കാര്യക്ഷമമായ പ്രവർത്ത നങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും ശുപാർശകളും ഗവേണിംഗ് ബോഡിക്കും എക്സി ക്യൂട്ടീവ് കമ്മിറ്റിക്കും നൽകുക.
6. സൊസൈറ്റിയുടെ വാർഷിക ബഡ്ജറ്റും ഓഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്കുകളും അംഗീകരിക്കുക.
7. സർക്കാർ ചുമതലപ്പെടുത്തുന്നതോ സൊസൈറ്റിയുടെ ബൈലോ പ്രകാരമുള്ളതോ ആയ മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

## I. 4 ഗവേണിംഗ് ബോഡി

സൊസൈറ്റിയുടെ ഭരണപരവും നയപരവും ആയ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ചുമതല ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമാണ്. ഗവേണിംഗ് ബോഡിയുടെ പ്രധാനപ്പെട്ട ചുമതലകളും ഉത്തരവാദിത്വങ്ങളും താഴെപ്പറയുന്നവയാണ്.

1. സൊസൈറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനാവശ്യമായ നിർദ്ദേശങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നൽകുകയും സൊസൈറ്റിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുകയും ചെയ്യുക.
2. ഓഡിറ്റ് ഓഫ് സ്കീം റൂൾസ് 2011 അനുസരിച്ചും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ രേഖയ്ക്കനുസരിച്ചും

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

3. വാർഷിക പദ്ധതി, ബഡ്ജറ്റ്, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ, വാർഷിക ഭരണ റിപ്പോർട്ട് എന്നിവ വിലയിരുത്തി അംഗീകാരം നൽകുക.
4. സൊസൈറ്റിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുക.
5. സൊസൈറ്റിയുടെ ബൈലോയും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിനാവശ്യമായ ശുപാർശകൾ അംഗീകരിച്ച് ജനറൽ ബോഡി മുമ്പാകെ നൽകുക.
6. സൊസൈറ്റിയിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബൈല തയ്യാറാക്കി സർക്കാരിന്റെ അനുമതിയോടെയും മൂന്നിൽ രണ്ട് അംഗങ്ങളുടെ അംഗീകാരത്തോടെയും തീരുമാനമെടുക്കുക.
7. ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും പ്രവർത്തന മാർഗ്ഗരേഖയ്ക്ക് അംഗീകാരം നൽകുക.
8. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിശ്ചയിക്കപ്പെട്ട നിബന്ധനകൾക്ക് വിധേയമായി ആവശ്യമെങ്കിൽ ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമായ ചുമതലകൾ വിഭജിച്ച് നൽകുക.കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തീരുമാനിക്കുന്നതനുസരിച്ച് മറ്റു സ്കീമുകളുടെ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ചുമതലകൾ ഏറ്റെടുത്ത് നിർവ്വഹിക്കുക.





സൊസൈറ്റി ബൈലോ പ്രകാരം മൂന്ന് മാസത്തിൽ ഒരിക്കൽ ഗവേണിംഗ് ബോഡി യോഗം ചേരേണ്ടതാണ്. 2023-24 സാമ്പത്തിക വർഷം നാല് ഗവേണിംഗ് ബോഡി യോഗങ്ങൾ കൃത്യമായ അജണ്ടയോടുകൂടി ചെയർമാൻ ശ്രീ. പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്സിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. 2023-24 സാമ്പത്തിക വർഷത്തെ ഗവേണിംഗ് ബോഡി യോഗം സംബന്ധിച്ച വിവരങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക – 1**

| ക്രമ നം. | ഗവേണിംഗ് ബോഡി യോഗങ്ങൾ | തീയതി |
|---|---|---|
| 1. | 17th | 04.07.2023 |
| 2. | 18th | 07.12.2023 |
| 3. | 19th | 28.02.2024 |
| 4. | 20th | 13.03.2024 |

## I. 6 2023-24 സാമ്പത്തിക വർഷം ഗവേണിംഗ് ബോഡി കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ

1. സമയബന്ധിതമായി പഞ്ചായത്തുകൾ നടപ്പിലാക്കുന്ന മുഴുവൻ എം.ജി.എൻ.ആർ.ജി.എസ്

പ്രവൃത്തികളുടെയും സോഷ്യൽ ഓഡിറ്റ് ഓരോ 6 മാസത്തിലും നടത്തുന്നതിന് തീരുമാനിച്ചു.

2. സോഷ്യൽ ഓഡിറ്റ് സ്റ്റാന്റേർഡ്സ് 2016 അനുസരിച്ചുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഉയർന്ന ഗുണമേന്മയോടെ സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിന് തീരുമാനിച്ചു.
3. സൊസൈറ്റിയുടെ വാർഷിക ഭരണ റിപ്പോർട്ട് (2022-2023) അംഗീകരിച്ചു.
4. 2022-23 വർഷത്തെ സൊസൈറ്റിയുടെ ഓഡിറ്റ് ചെയ്ത വരവ് - ചെലവ് കണക്കുകളും ബാലൻസ് ഷീറ്റും അംഗീകരിച്ചു.
5. 2024-25 വർഷത്തേക്കുള്ള വാർഷിക ബഡ്ജറ്റ് അംഗീകരിച്ചു.
6. 2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് കലണ്ടർ അംഗീകരിച്ചു.
7. സോഷ്യൽ ഓഡിറ്റ് ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്ക് പ്രതിമാസം 500 രൂപ (അഞ്ഞൂറ് രൂപ) കമ്പ്യൂട്ടർ അലവൻസ് നൽകുന്നതിനുള്ള തീരുമാനം അംഗീകരിച്ചു.
8. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിനായി സംസ്ഥാന-ജില്ലാതല എ.റ്റി.ആർ. റിവ്യൂ കമ്മിറ്റി രൂപീകരിക്കാൻ അംഗീകാരം.
9. ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും, ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും പ്രവർത്തനം അവലോകനം ചെയ്യുന്നതിന് മാനദണ്ഡം നിശ്ചയിക്കലും അവലോകന സമിതി രൂപീകരിക്കുന്നതിനും അംഗീകാരം.
10. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പ്രവർത്തനങ്ങൾ എക്സ്റ്റേണൽ ഇവാലുവേഷൻ സംവിധാനത്തിലൂടെ നടത്തുവാൻ "കില" (KILA) യെ ചുമതലപ്പെടുത്തുന്നതിന് യോഗം തീരുമാനിച്ചു.
11. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ ഒഴിവുള്ള വിവിധ തലങ്ങളിലെ റിസോഴ്സ് പേഴ്സൺമാരെ തിരഞ്ഞെടുക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും തെരഞ്ഞെടുത്തവരുടെ റാങ്ക് ലിസ്റ്റിന് അംഗീകാരം നൽകി നിയമനം നടത്തുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.
12. പുതിയതായി തിരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർക്ക് ആവശ്യമായ പരിശീലനത്തിന് അംഗീകാരം.
13. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാരിന്റെയും സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം.
14. സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച പരാതികളിന്മേൽ തീർപ്പ് കല്പിക്കുന്നതിനുള്ള സംസ്ഥാനതല അപ്പലേറ്റ് സംവിധാനം രൂപീകരിക്കാൻ അംഗീകാരം.
15. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കുന്നതും, സംശയങ്ങൾ ദൂരീകരിക്കുന്നതിനും ഉതകുന്ന കൈപ്പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള അംഗീകാരം.
16. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വെബ്സൈറ്റ് പുതുക്കി തയ്യാറാക്കുന്നതിന് അംഗീകാരം.

## I. 7 എക്സിക്യൂട്ടീവ് കമ്മിറ്റി

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഭരണ നിർവ്വഹണത്തിൽ മുഖ്യകാര്യ നിർവ്വഹണ ചുമതല എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ ശ്രീ. പ്രണബ് ജ്യോതി നാഥ് ഐ.എ.എസ് ആണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളാണ്.

1. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ (കൺവീനർ)

2. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
3. ധനകാര്യവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ പ്രതിനിധി
4. ഗവേണിംഗ് ബോഡിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് അനൗദ്യോഗിക അംഗങ്ങൾ

## എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

1. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ നയപരമായ പിന്തുണയും സഹായവും ലഭ്യമാക്കുക.
2. വാർഷിക ബഡ്ജറ്റിനും പ്രവർത്തന പരിപാടിക്കും രൂപം നൽകുക.
3. സൊസൈറ്റിയിലെ ജീവനക്കാരെയും ഉദ്യോഗസ്ഥരെയും നിയമിക്കുകയും ഗവേണിംഗ് ബോഡിയുടെ അംഗീകാരം വാങ്ങുകയും ചെയ്യുക.
4. ബൈലോ തയ്യാറാക്കുകയും നിലവിലുള്ള ബൈലോയിൽ ഭേദഗതി വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി അംഗീകരിച്ച് ഗവേണിംഗ് ബോഡി യോഗത്തിന്റെ അംഗീകാരത്തിനായി നൽകുക.

1. സംസ്ഥാന-ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ നിയമനത്തിനായി യോഗ്യരായവരെ തെരഞ്ഞെടുത്ത് അംഗീകാരം നൽകുക.

## I. 8 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം

എക്സിക്യൂട്ടീവ് കമ്മിറ്റി 2023-24 വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. 28.02.2024 -ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ചെയർമാൻ ശ്രീ. പ്രണബ് ജ്യോതി നാഥ് ഐ.എ.എസ്സ് അദ്ധ്യക്ഷത വഹിച്ചു.

## I. 9 സോഷ്യൽ ഓഡിറ്റ് യൂണിറ്റ് : ഉദ്യോഗസ്ഥ സംവിധാനം

സോഷ്യൽ ഓഡിറ്റ് യൂണിറ്റ് - സംസ്ഥാന ആസ്ഥാനത്ത് പ്രവർത്തിക്കുന്നവരുടെ വിശദാംശങ്ങൾ:

1. **ഡോ. എൻ. രമാകാന്തൻ**
   ഡയറക്ടർ
2. **ശ്രീ. പി. ഷാജി**
   സോഷ്യൽ ഡെവലപ്പ്മെന്റ് സെപ്ഷ്യലിസ്റ്റ്
3. **ഡോ. റ്റി. ഷാജി**
   സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ
4. **ശ്രീമതി നൈന മറിയ വർഗീസ്**
   എം.ഐ.എസ്സ്. എക്സ്പേർട്ട്
5. **ശ്രീമതി എ. എസ്. ഷാഹിന**
   അക്കൗണ്ട്സ് ഓഫീസർ
6. **ശ്രീമതി എസ്. മഞ്ജു**
   ഡേറ്റാ എൻട്രി ഓപ്പറേറ്റർ
7. **ശ്രീമതി എൽ. കല**
   ഓഫീസ് അസിസ്റ്റന്റ്
8. **ശ്രീ. വി.എസ്. വിഷ്ണു**
   അക്കൗണ്ട്സ് അസിസ്റ്റന്റ്
9. **ശ്രീ. കെ.ജി. ശ്രീകുമാർ**
   ഓഫീസ് അറ്റൻഡന്റ്



## I. 10 സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ

- **ജില്ലാ റിസോഴ്സ് പേഴ്സൺ (DRP)**

സംസ്ഥാനത്ത് 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ തസ്തികകളാണ് അംഗീകരിച്ചിട്ടുള്ളത്. ഇതിൽ ഒഴിവുണ്ടായിരുന്ന 10 ജില്ലകളിൽ ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ നിയമനം പൂർത്തിയാ



ക്കി, 3 ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നല്കി നിയമനം നടത്തുകയുണ്ടായി. NIRDPR, ന്റെ 30 ദിവസത്തെ പരിശീലനം 4 ജില്ലാ റിസോഴ്സ് പേഴ്സൺമാർക്ക് ലഭ്യമാക്കാനുണ്ട്. പരിശീലനത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

- **ബ്ലോക്ക് റിസോഴ്സ് പേഴ്സൺ (BRP)**



സംസ്ഥാനത്ത് 152 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ തസ്തികകളാണ് അംഗീകരിച്ചിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തിൽ മത്സര പരീക്ഷയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ ഒഴിവുണ്ടായിരുന്ന 110 വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് 30 ദിവസത്തെ പരിശീലനം ലഭ്യമാക്കി നിയമിച്ചു. 13 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ നിന്നും വിട്ടുതൽ വാങ്ങി മറ്റു ജോലികളിൽ പ്രവേശിക്കുകയുണ്ടായി. നിലവിൽ ഒഴിവുള്ള ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ നിയമനം അന്തിമഘട്ടത്തിലാണ്.

- **വില്ലേജ് റിസോഴ്സ് പേഴ്സൺ (VRP)**

ഗ്രാമപഞ്ചായത്ത് തലത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ പ്രധാനപ്പെട്ട ചുമതല വഹിക്കുന്നത് വില്ലേജ് റിസോഴ്സ് പേഴ്സൺമാർ ആണ്. ഒരു ഗ്രാമപഞ്ചായത്തിൽ രണ്ട് വീതം വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഗവേണിംഗ് ബോഡി അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ1400-1410 വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ സംസ്ഥാനത്ത് മുഴുവൻ ഗ്രാമപഞ്ചായത്തുകളുടെയും സോഷ്യൽ ഓഡിറ്റ് പ്രവർത്തനം വർഷത്തിൽ 2 തവണ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കഴിഞ്ഞകാലങ്ങളിലെ അനുഭവം വ്യക്തമാക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 1087 വില്ലേജ് റിസോഴ്സ് പേഴ്സൺമാരാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്.

**സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ അനുവദിക്കപ്പെട്ട തസ്തികകളും നിലവിൽ സേവനമനുഷ്ഠിക്കുന്നവരുടെ വിവരങ്ങളും (2023-24) പട്ടിക 2-ൽ കൊടുത്തിരിക്കുന്നു**

**പട്ടിക – 2**

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | നിലവിലുണ്ടായിരുന്ന ഒഴിവുകൾ | പുതുതായി നിയമനം നടത്തിയത് | റിമാർക്സ് |
|---|---|---|---|---|---|
| 1. | ജില്ലാ റിസോഴ്സ് പേഴ്സൺ (ഡി.ആർ.പി.) | 14 | 10 | 10 | നിലവിൽ ഒഴിവുകൾ ഇല്ല |
| 2. | ബ്ലോക്ക് റിസോഴ്സ് പേഴ്സൺ (ബി.ആർ.പി.) | 152 | 13 | - | നിയമന നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3. | വില്ലേജ് റിസോഴ്സ് പേഴ്സൺ (വി.ആർ.പി.) | 1412 | 349 | 24 | 325 ഒഴിവുകൾ നിലവിലുണ്ട്. നിയമന നടപടികൾ സ്വീകരിച്ചു വരുന്നു. |

## II. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ്: 2023-24 സാമ്പത്തിക വർഷത്തെ പ്രവർത്തനം

2023-24 സാമ്പത്തിക വർഷത്തിലെ ഒന്നും, രണ്ടും പാദ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുകൾ നടപ്പിലാക്കുന്ന മുഴുവൻ തൊഴിലുറപ്പ് പ്രവൃത്തികളും ഗ്രാമസഭ സംഘടിപ്പിച്ച് വർഷത്തിൽ രണ്ട് പ്രാവശ്യം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ അനിവാര്യമായ വ്യവസ്ഥ പാലിച്ച് കൊണ്ട് ആറ് മാസത്തിലൊരിക്കൽ ചിട്ടയായും കാര്യക്ഷമമായും സോഷ്യൽ ഓഡിറ്റ് നടത്തുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. മറ്റ് സംസ്ഥാനങ്ങൾ വർഷത്തിൽ ഒരു പ്രാവശ്യം മാത്രമാണ് സോഷ്യൽ ഓഡിറ്റ് നടത്തുന്നത്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2023-24 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും സോഷ്യൽ ഓഡിറ്റ് പ്രവർത്തനം പൂർത്തീകരിച്ച് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ദേശീയ വെബ്പോർട്ടലിലെ എം.ഐ.എസിൽ അപ് ലോഡ് ചെയ്തു. രണ്ടാം പാദ സോഷ്യൽ ഓഡിറ്റ് കാലയളവിൽ രാജ്യത്ത് ലോകസഭ തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ 24 ഗ്രാമപഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ സംഘാടനം, പബ്ലിക് ഹിയറിംഗ് തുടങ്ങിയവ പൂർത്തീകരിക്കാൻ സാധിച്ചില്ല. 917 ഗ്രാമപഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം പൂർത്തീകരിച്ച് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എംഐഎസ്സിൽ അപ് ലോഡ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.



2023-24 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 01.10.2022 മുതൽ 31.03.2023 ആദ്യ പാദ സോഷ്യൽ ഓഡിറ്റ് നിർവ്വഹണവും രണ്ടാം പാദ സോഷ്യൽ ഓഡിറ്റ് 01.04.2023 മുതൽ 30.09.2023 കാലയളവിലെ സോഷ്യൽ ഓഡിറ്റ് നിർവ്വഹണവും ജില്ല തിരിച്ച് പട്ടിക 3-ൽ സൂചിപ്പിക്കുന്നു.

**പട്ടിക – 3**

| ക്രമ നമ്പർ | ജില്ല | ഗ്രാമ പഞ്ചായത്ത് (എണ്ണം) | ഓഡിറ്റ് കാലഘട്ടം | | ആകെ |
|---|---|---|---|---|---|
| | | | 01.10.2022-31.03.2023 (ഒന്നാം പാദം) | 01.04.2023-30.09.2023 (രണ്ടാം പാദം) | |
| 1. | തിരുവനന്തപുരം | 73 | 73 | 73 | 146 |
| 2. | കൊല്ലം | 68 | 68 | 68 | 136 |
| 3. | പത്തനംതിട്ട | 53 | 53 | 52 | 105 |
| 4. | ആലപ്പുഴ | 72 | 72 | 72 | 144 |
| 5. | കോട്ടയം | 71 | 71 | 70 | 141 |
| 6. | എറണാകുളം | 82 | 82 | 82 | 164 |

| ക്രമ നമ്പർ | ജില്ല | ഗ്രാമ പഞ്ചായത്ത് (എണ്ണം) | ഓഡിറ്റ് കാലഘട്ടം | | ആകെ |
|---|---|---|---|---|---|
| | | | 01.10.2022-31.03.2023 (ഒന്നാം പാദം) | 01.04.2023-30.09.2023 (രണ്ടാം പാദം) | |
| 7. | തൃശ്ശൂർ | 86 | 86 | 86 | 172 |
| 8. | ഇടുക്കി | 52 | 52 | 52 | 104 |
| 9. | പാലക്കാട് | 88 | 88 | 87 | 175 |
| 10. | മലപ്പുറം | 94 | 94 | 94 | 177 |
| 11. | കോഴിക്കോട് | 70 | 70 | 70 | 140 |
| 12. | വയനാട് | 23 | 23 | 14 | 37 |
| 13. | കണ്ണൂർ | 71 | 71 | 71 | 142 |
| 14. | കാസറഗോഡ് | 38 | 38 | 37 | 75 |
| | ആകെ | 941 | 941 | 917 | 1858 |

കുറിപ്പ്: ലോകസഭാ തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം മാർച്ച് 2024-ൽ പ്രാബല്യത്തിൽ വന്നതിനാൽ രണ്ടാംപാദ സോഷ്യൽ ഓഡിറ്റ് 24 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭയും പബ്ലിക് ഹിയറിംഗും സംഘടിപ്പിച്ച് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

## II. 1 സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളും തുടർനടപടികളും

2023-24 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിൽ 3936 സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുകയും ആയതിന്റെ സാമ്പത്തിക തുകയായ 3,16,70,706 (മൂന്ന് കോടി പതിനാറുലക്ഷത്തി എഴുപതിനായിരത്തി എഴുന്നൂറ്റി ആറ് രൂപ) എം.ഐ.എസ്സിൽ അപ് ലോഡ് ചെയ്യുകയുമുണ്ടായി. ഈ കാലയളവിൽ സാമ്പത്തിക വ്യതിയാന വിഭാഗത്തിൽ 1655 ഇഷ്യൂ കണ്ടെത്തുകയും ആയതിന്റെ തുകയായ 10,85,41,137 (പത്ത് കോടി എൺപത്തിഅഞ്ച് ലക്ഷത്തി നാൽപ്പത്തി ഒന്നായിരത്തി ഒരുന്നൂറ്റി മുപ്പത്തിഏഴ്) രൂപ, പ്രക്രിയ ലംഘന വിഭാഗത്തിൽ 7,942 ഇഷ്യുവിലൂടെ 30,36,724 രൂപയുടെയും, ഗുണഭോക്താക്കളുടെ പരാതി വിഭാഗത്തിൽ 1413 ഇഷ്യുവിലൂടെ 3,15,717 രൂപ ഉൾപ്പെടെ ആകെ 14946 ഇഷ്യു കണ്ടെത്തി ആയതിന്റെ തുകയായ 14,35,64,279 (പതിനാല് കോടി മുപ്പത്തിഅഞ്ച് ലക്ഷത്തി, അറുപത്തിനാലായിരത്തി, ഇരുന്നൂറ്റി എഴുപത്തി ഒൻപത്) രൂപയുടെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ കണ്ടെത്തലുകൾ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തി തുടർ നടപടി ഇനത്തിൽ ഉൾക്കൊള്ളിച്ച് എം.ഐ.എസിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ ജില്ല തിരിച്ചുള്ള നാല് വിഭാഗങ്ങളിലായുള്ള സോഷ്യൽ ഓഡിറ്റ് ഇഷ്യൂസും, അതിന്റെ തുകയും അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

## II. 2 സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളും തുടർനടപടി പുരോഗതിയും (2023-24)

2023-24 സാമ്പത്തിക വർഷം കണ്ടെത്തിയ 14946 ഇഷ്യൂകളിൽ തൻവർഷം തന്നെ 6097 കണ്ടെത്തലുകൾക്ക് (ഇഷ്യൂസ്) പരിഹാര നടപടികൾ കൈക്കൊണ്ടു. ശേഷിക്കുന്ന 41% (8849) ഇഷ്യൂസ് പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ പട്ടിക 4 - ൽ കൊടുത്തിരിക്കുന്നു.

## പട്ടിക - 4

| ക്രമ നമ്പർ | ജില്ല | ഗ്രാമ പഞ്ചായത്ത് എണ്ണം | ആകെ കണ്ടെത്തിയ ഇഷ്യൂസ് | ആകെ പരിഹരിച്ച ഇഷ്യൂസ് | ശതമാനം | ബാക്കി പരിഹരിക്കാനുള്ള ഇഷ്യൂസ് | ശതമാനം |
|---|---|---|---|---|---|---|---|
| 1. | ആലപ്പുഴ | 72 | 1378 | 582 | 42.24 | 796 | 57.76 |
| 2. | എറണാകുളം | 82 | 1829 | 615 | 33.62 | 1214 | 66.38 |
| 3. | ഇടുക്കി | 52 | 885 | 267 | 30.17 | 618 | 69.83 |
| 4. | കണ്ണൂർ | 71 | 1564 | 774 | 49.49 | 790 | 50.51 |
| 5. | കാസർഗോഡ് | 38 | 543 | 157 | 28.91 | 386 | 71.09 |
| 6. | കൊല്ലം | 68 | 646 | 541 | 83.75 | 105 | 16.25 |
| 7. | കോട്ടയം | 71 | 1154 | 367 | 31.80 | 787 | 68.20 |
| 8. | കോഴിക്കോട് | 70 | 943 | 665 | 70.52 | 278 | 29.48 |
| 9. | മലപ്പുറം | 94 | 811 | 311 | 38.35 | 500 | 61.65 |
| 10. | പാലക്കാട് | 88 | 1706 | 781 | 45.78 | 925 | 54.22 |
| 11. | പത്തനംതിട്ട | 53 | 532 | 125 | 23.50 | 407 | 76.50 |
| 12. | തിരുവനന്തപുരം | 73 | 1728 | 279 | 16.15 | 1449 | 83.85 |
| 13. | തൃശ്ശൂർ | 86 | 939 | 432 | 46.01 | 507 | 53.99 |
| 14 | വയനാട് | 23 | 288 | 201 | 69.79 | 87 | 30.21 |
| | **ആകെ** | **941** | **14946** | **6097** | **40.79** | **8849** | **59.21** |

## II. 3 2023-24 സാമ്പത്തിക വർഷം കണ്ടെത്തിയ സാമ്പത്തിക ദുർവിനിയോഗം: തുക തിരികെ ഒടുക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച്

2023-24 സാമ്പത്തിക വർഷം സോഷ്യൽ ഓഡിറ്റ് കണ്ടെത്തിയ 3936 സാമ്പത്തിക ദുർവിനിയോഗം, ഇഷ്യൂസിൽ നിർവ്വഹണ വിഭാഗം 1287 ഇഷ്യൂസ് അംഗീകരിച്ച് 33,83,092 രൂപ (മുപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തിമൂവായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ പട്ടിക 5 - ൽ സൂചിപ്പിക്കുന്നു.

## പട്ടിക - 5

| ക്രമ നമ്പർ | ജില്ല | സാമ്പത്തിക ദുർവിനിയോഗം ഇഷ്യൂസ് എണ്ണം | തുക | നിർവ്വഹണ വിഭാഗം അംഗീകരിച്ച് ഇഷ്യൂസ് എണ്ണം | തുക | നിർവ്വഹണ വിഭാഗം അംഗീകരിച്ച ഇഷ്യൂസ് എണ്ണം തിരികെ ഈടാക്കിയത് | തുക |
|---|---|---|---|---|---|---|---|
| 1. | ആലപ്പുഴ | 665 | 2761669 | 338 | 2066206 | 261 | 417169 |
| 2. | എറണാകുളം | 298 | 6674056 | 212 | 5054215 | 29 | 164303 |
| 3. | ഇടുക്കി | 242 | 4704897 | 108 | 3791307 | 10 | 56197 |
| 4. | കണ്ണൂർ | 200 | 796825 | 157 | 579194 | 31 | 96196 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5. | കാസർഗോഡ് | 94 | 1218771 | 64 | 1011038 | 5 | 4687 |
| 6. | കൊല്ലം | 105 | 471419 | 103 | 439056 | 76 | 330754 |
| 7. | കോട്ടയം | 197 | 1373005 | 89 | 633087 | 58 | 219994 |
| 8. | കോഴിക്കോട് | 113 | 1013395 | 66 | 560108 | 38 | 131134 |
| 9. | മലപ്പുറം | 294 | 770804 | 279 | 748079 | 143 | 274422 |
| 10. | പാലക്കാട് | 658 | 1872231 | 523 | 1361526 | 462 | 706624 |
| 11. | പത്തനംതിട്ട | 139 | 2639808 | 81 | 1839066 | 21 | 30967 |
| 12. | തിരുവനന്തപുരം | 697 | 5957408 | 364 | 3876452 | 102 | 864432 |
| 13. | തൃശ്ശൂർ | 221 | 1200962 | 132 | 885375 | 46 | 71004 |
| 14. | വയനാട് | 13 | 215456 | 12 | 213456 | 5 | 15209 |
| | ആകെ | 3936 | 31670706 | 2528 | 23058165 | 1287 | 3383092 |

## II. 4 2023-24 വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിലൂടെ വിവിധ ഇനത്തിൽ കണ്ടെത്തിയ കൂടുതൽ തവണ റിപ്പോർട്ട് ചെയ്ത ഇഷ്യൂസ്

(അനുബന്ധം 4-7വരെയായി ചേർത്തിരിക്കുന്നു)

## III. ഇതര സോഷ്യൽ ഓഡിറ്റ് പ്രവർത്തനം

2023-24 സാമ്പത്തിക വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിന് ഉപരിയായി, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി താഴെപ്പറയുന്ന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളും ഏറ്റെടുത്തിട്ടുണ്ട്.

1. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) PMAY(G) പൈലറ്റ് സോഷ്യൽ ഓഡിറ്റ്.
2. ദേശീയ ആരോഗ്യമിഷൻ (NHM) കുടുംബാരോഗ്യ കേന്ദ്രം പൈലറ്റ് സോഷ്യൽ ഓഡിറ്റ്.
3. കേന്ദ്ര സാമൂഹിക നീതി - ശാക്തീകരണ മന്ത്രാലയത്തിന്റെ പദ്ധതികൾ (DoSJE)

## III. 1 പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)(PMAY(G))

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് (പൈലറ്റ് അടിസ്ഥാനത്തിൽ) തിരുവനന്തപുരം ജില്ലയിലെ, വാമനപുരം ബ്ലോക്ക് പഞ്ചായത്തിലെ 8 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തീകരിച്ച് ഗ്രാമവികസന മന്ത്രാലയത്തിന്റെ വെബ് പേജിൽ അപ്ലോഡ് ചെയ്യുകയും, അന്തിമ റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.



## III. 2 ദേശീയ ആരോഗ്യമിഷൻ കുടുംബാരോഗ്യ കേന്ദ്രം പൈലറ്റ് സോഷ്യൽ ഓഡിറ്റ്

സംസ്ഥാനത്തെ ആറ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ (കഞ്ഞിക്കുഴി - ആലപ്പുഴ, നായരമ്പലം - എറണാകുളം, ഓതറ - പത്തനംതിട്ട, മൊറയൂർ - മലപ്പുറം, കതിരൂർ - കണ്ണൂർ, പൂതാടി- വയനാട്)

സോഷ്യൽ ഓഡിറ്റ് പ്രവർത്തനം പൂർത്തീകരിച്ച് അന്തിമ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.



### III. 3 കേന്ദ്ര സാമൂഹിക നീതി – ശാക്തീകരണ മന്ത്രാലയം നടപ്പാക്കുന്ന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ്

കേരള ഗവൺമെന്റിന്റെ സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയത്തിന്റെ സഹായത്തോടെ സാമൂഹ്യ -സന്നദ്ധ സംഘടനകൾ നടപ്പാക്കുന്ന വിവിധ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായി. അതത് സംസ്ഥാനത്തെ സോഷ്യൽ ഓഡിറ്റ് യൂണിറ്റുകളെയാണ് പ്രസ്തുത സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ്





ചുമതല ഏല്പിച്ചത്. ആദ്യഘട്ടമായി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയ സോഷ്യൽ ഓഡിറ്റിൽ കേരളത്തിൽ നിന്നും നാല് വ്യത്യസ്ത സ്കീമുകളിലായി 19 സ്ഥാപനങ്ങളാണ് ആദ്യഘട്ട സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയത്. സാമൂഹ്യ നീതി – ശാക്തീകരണ മന്ത്രാലയം നേരിട്ട് ധനസഹായം ലഭ്യമാക്കിയ താഴെപ്പറയുന്ന നാല് സ്കീമുകളാണ് സോഷ്യൽ ഓഡിറ്റിൽ ഉൾപ്പെടുത്തിയത്.

1. Residential Education for students in high schools in Targeted Areas (SHRESHTA)
2. Integrated Rehabilitation Centre for Addicts (IRCA)
3. Senior Citizen Homes
4. PM – AJAY Hostel

ആദ്യ ഘട്ട പൈലറ്റ് സോഷ്യൽ ഓഡിറ്റിൽ കേരളത്തിലെ നാല് ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ) നിന്നുള്ള 19 സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പൂർണ്ണമായും പങ്കാളിത്ത രീതി ശാസ്ത്രം അവലംബിച്ചുകൊണ്ട് സുതാര്യമായും ഈ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയും സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുന്നതിനും സ്ഥാപനതലത്തിലുള്ള സോഷ്യൽ ഓഡിറ്റ് സഭകൾ സംഘടിപ്പിക്കുന്നതിനും 2023-24 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞു. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പ്രത്യേകമായി രൂപീകരിച്ച സോഷ്യൽ ജസ്റ്റിസ് സെൽ അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തിയ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രാഥമിക റിപ്പോർട്ട് കേന്ദ്ര സാമൂഹ്യ നീതി – ശാക്തീകരണ മന്ത്രാലയത്തിന് യഥാസമയം സമർപ്പിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. തുടർന്ന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സോഷ്യൽ ജസ്റ്റിസ് അസംബ്ലി സംഘടിപ്പിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്ത് അന്തിമ രൂപം നല്കുന്നതാണ്.

## IV പരിശീലനങ്ങൾ, കാര്യപ്രാപ്തി വികസന പരിപാടികൾ

### A. പരിശീലനങ്ങൾ

#### 1. വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം

2023-24 സാമ്പത്തിക വർഷത്തിൽ പുതിയതായി തിരഞ്ഞെടുത്ത കോഴിക്കോട്, വയനാട് ജില്ലകളിലെ 28 വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് നാല് ദിവസത്തെ റസിഡൻഷ്യൽ പരിശീലനം 22.01.2024 മുതൽ 25.01.2024 വരെ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, ശ്രേയസ്സ് സെന്ററിൽ സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് അതത് ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ വച്ച് ഒരു ദിവസത്തെ പ്രായോഗിക പരിശീലനം എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ മെഷർമെന്റ് സംബന്ധിച്ച് വി. ആർ. പി മാർക്ക് നൽകുകയുണ്ടായി.









#### 2. പുതുതായി തിരഞ്ഞെടുത്ത ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം

പുതുതായി തിരഞ്ഞെടുത്ത പത്ത് ജില്ലാ റിസോഴ്സ് പേഴ്സൺമാർക്ക് മൂന്ന് ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് 06.02.2024 മുതൽ 08.02.2024 വരെ, തിരുവനന്തപുരം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ സംഘടിപ്പിക്കുകയുണ്ടായി.






### B. ശില്പശാലകൾ

2023-24 സാമ്പത്തിക വർഷത്തിൽ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന ശില്പശാലകൾ സംഘടിപ്പിച്ചു.

#### 1. ദേശീയ ആരോഗ്യമിഷൻ സോഷ്യൽ ഓഡിറ്റ് ദ്വിദിന ശില്പശാല:-

ദേശീയ ആരോഗ്യമിഷന്റെ സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം നടത്തുന്നതിനായി രണ്ട് ദിവസത്തെ ശില്പശാല 2023, മെയ് 22, 23 തീയതികളിൽ തിരുവനന്തപുരം, കോവളം ജൂബിലി മെമ്മോറിയൽ അനിമേഷൻ

സെന്ററിൽ സംഘടിപ്പിച്ചു. ആരോഗ്യ വകുപ്പിലെ തിരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാരും, സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരും ഉൾപ്പെടെ 40 പേർ ശില്പശാലയിൽ പങ്കെടുത്തു.

### 2. സോഷ്യൽ ഓഡിറ്റ് ഗുണമേന്മ ഉയർത്തുന്നതിനുള്ള ശില്പശാല

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് ഉയർന്ന ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി വിവിധ തലങ്ങളിലുള്ള സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരെയും, മേഖലയിലെ വിദഗ്ധരെയും ഉൾപ്പെടുത്തി കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ 2023 സെപ്തംബർ 6, 7 തീയതികളിൽ നടത്തിയ ദ്വിദിന ശില്പശാലയിൽ 140 പേർ പങ്കെടുത്തു.





### 3. വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന ആവശ്യകത വിലയിരുത്തൽ ശില്പശാല (Workshop on Training Need Assessment of Social Audit VRPs)

ഗ്രാമപഞ്ചായത്ത് തലത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ സുപ്രധാന ചുമതല വഹിക്കുന്നത് വില്ലേജ് റിസോഴ്സ് പേഴ്സൺമാരാണ്. ഗുണമേന്മ ഉറപ്പുവരുത്തി ഉയർന്ന മൂല്യബോധത്തോടുകൂടി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സജ്ജമാക്കുന്നതിനുള്ള പരിശീലന ആവശ്യകതയും, ഉൾപ്പെടുത്തേണ്ട വിഷയങ്ങളും സംബന്ധിച്ച് തിരഞ്ഞെടുക്കപ്പെട്ട 45 റിസോഴ്സ് പേഴ്സൺമാരെ ഉൾപ്പെടുത്തി ഏകദിന ശില്പശാല 2023, ഒക്ടോബർ 12-ന് കില, സി.എച്ച്.ആർ.ഡി, കൊട്ടാരക്കര വച്ച് നടത്തുകയുണ്ടായി.






### 4. സാമൂഹിക നീതിവകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച് സംസ്ഥാനതല ഓറിയന്റേഷൻ ശില്പശാല. (Orientation Programme on Social Audit of Schemes under the DoSJE)

കേന്ദ്ര സാമൂഹികനീതി-ശാക്തീകരണ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ നാല് പദ്ധതികളുടെ ആദ്യഘട്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനം സംബന്ധിച്ച് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ നാല് ജില്ലകളിലെ 19 സ്ഥാപനങ്ങളിലെ നിർവ്വഹണ വിഭാഗം ജീവനക്കാരും, സോഷ്യൽ ഓഡിറ്റ്






സെൽ മെമ്പർമാരും ഉൾപ്പെടെ 40 പേർ പങ്കെടുത്ത സംസ്ഥാന തല ശില്പശാല 18.11.2023-ന്, തിരുവനന്തപുരം, മിത്രനികേതൻ സിറ്റി സെന്ററിൽ സംഘടിപ്പിച്ചു.

## C. ഇവാല്യുവേഷൻ മീറ്റിംഗ്സ്

സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും, ക്രമപ്രകാരം നിർദ്ദേശിത രീതിയിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനുമായി ഓൺലൈനായും, ജില്ല, ബ്ലോക്ക്, സംസ്ഥാന മേഖലകൾ തിരിച്ചും അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.













സംസ്ഥാന തലത്തിൽ 2023-24 വർഷം നടത്തിയ പ്രധാനമായ ഇവാല്യുവേഷൻ/അവലോകന യോഗങ്ങൾ പട്ടിക 6 ആയി ചേർക്കുന്നു.

**പട്ടിക 6**

| ക്രമ നമ്പർ | തീയതി | വിഷയം | സ്ഥലം | പങ്കാളിത്തം |
|---|---|---|---|---|
| 1 | 27.10.2023 | ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ റിവ്യൂ മീറ്റിംഗ് | എസ്സ്. എ. യു പരിശീലന ഹാൾ തിരുവനന്തപുരം | 14 |
| 2 | 05.01.2024 | ജില്ല തിരിച്ചുള്ള റീജിയണൽ റിവ്യൂ മീറ്റിംഗ് | കില, സി.എച്ച് ആർ ഡി, കൊട്ടാരക്കര | 40 |
| 3 | 08.01.2024 | ജില്ല തിരിച്ചുള്ള ഉത്തരമേഖലാ തല റിവ്യൂ മീറ്റിംഗ് | ഡിപി.സി കോൺഫറൻസ് ഹാൾ, കണ്ണൂർ | 40 |
| 4 | 12.01.2024 | ജില്ല തിരിച്ചുള്ള മദ്ധ്യമേഖലാ തല റിവ്യൂ മീറ്റിംഗ് | കില, തൃശ്ശൂർ | 60 |

## D. ദേശീയ -സംസ്ഥാന തലത്തിൽ പങ്കെടുത്ത സോഷ്യൽ ഓഡിറ്റ് മീറ്റിംഗുകളും മറ്റ് പരിപാടികളും

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഉദ്യോഗസ്ഥർ താഴെപ്പറയുന്ന വിവിധ മീറ്റിംഗുകളിലും, ശില്പശാലകളിലും 2023-24 സാമ്പത്തിക വർഷത്തിൽ പങ്കെടുത്തു. വിശദാംശങ്ങൾ പട്ടിക 7 ൽ ചേർത്തിരിക്കുന്നു.

**പട്ടിക 7**

| ക്രമ നം. | തീയതി | വിഷയം | സ്ഥലം | പങ്കെടുത്തവർ |
|---|---|---|---|---|
| 1. | 24.08.2023 | ഇംപ്ലിമെന്റേഷൻ ഫ്രയിം വർക്ക് ഓഫ് എം.ജി.എൻ. ആർ.ഇ.ജി. എസ്സ് (Implementation frame work of MGNREGS) | NIRDPR ഹൈദ്രാബാദ് | ഡോ.എൻ രമാകാന്തൻ ഡയറക്ടർ |
| 2. | 26.09.2023 | നാഷണൽ സെമിനാർ ഓൺ സോഷ്യൽ ഓഡിറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ് പ്രോഗ്രാം | ന്യൂ ഡൽഹി MoRD | ഡോ.എൻ രമാകാന്തൻ ഡയറക്ടർ, ശ്രീ. രാജേഷ് പി.ടി, (ഡി. ആർ.പി.) ശ്രീ ശരത്, ജെ.എസ്, (ബി. ആർ. പി) |
| 3. | 11.12.2023 - 08.02.2024 | നാഷണൽ കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് ഓൺ സോഷ്യൽ ഓഡിറ്റ് ഫ്രെയിം വർക്ക് (National Consultative Workshop on Social Audit frameWork) | NIRDPR ഹൈദ്രാബാദ് | ഡോ.എൻ രമാകാന്തൻ ഡയറക്ടർ |
| 4. | 07.02.2024 to 08.02.2024 | സ്റ്റാറ്റസ് ഓഫ് സോഷ്യൽ ഓഡിറ്റ് ഇൻ ഇന്ത്യ (Status of social Audit in India) | NIRDPR ഹൈദ്രാബാദ് | ഡോ. റ്റി. ഷാജി, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ |
| 5. | 12.02.2024 | ദേശീയ തൊഴിലുറപ്പ് പദ്ധതി 35-ാമത് സ്റ്റേറ്റ് എംപ്ലോയ് മെന്റ് ഗാരന്റി കൗൺസിൽ മീറ്റിംഗ് | തിരുവനന്തപുരം | ഡോ.എൻ രമാകാന്തൻ ഡയറക്ടർ |
| 6. | 19.03.24 to 20.03.24 | 3-ാമത് ജോയിന്റ് ടാസ്ക് ഫോഴ്സ് സോഷ്യൽ ഓഡിറ്റ് (3rd Joint Tark force on Stream lining of Social Audit) | പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഫീസ്, തിരുവനന്തപുരം | ഡോ.എൻ രമാകാന്തൻ ഡയറക്ടർ |






## V. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ധന വിനിയോഗം

സംസ്ഥാന സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് പൂർണ്ണമായും കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും ലഭിക്കുന്ന സോഷ്യൽ ഓഡിറ്റ് ഫണ്ടിനെ അടിസ്ഥാനമാക്കിയാണ്. 2023-24 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ വാർഷിക ബഡ്ജറ്റ് അടങ്കൽ 21.183 കോടി രൂപയായിരുന്നു. ഇനം തിരിച്ചുള്ള ബഡ്ജറ്റ് വകയിരുത്തൽ പട്ടിക 8 ൽ കൊടുക്കുന്നു.

**പട്ടിക 8**

| ക്രമ നം. | ബഡ്ജറ്റ് ഇനം | തുക (രൂപയിൽ) |
|---|---|---|
| 1. | ഓഫീസ് ജീവനക്കാരുടെ ശമ്പളം, ഹോണറേറിയം | 49,56,000.00 |
| 2. | റിസോഴ്സ് പേഴ്സൺമാരുടെ വേതനം/ഹോണറേറിയം | 19,08,44,000.00 |
| 3. | ഡി.ആർ.പി മാരുടെയും, എസ്.ആർ.പി.മാരുടെയും തിരഞ്ഞെടുപ്പും നിയമനവും | 1,50,000.00 |

| ക്രമ നം. | ബഡ്ജറ്റ് ഇനം | തുക (രൂപയിൽ) |
|---|---|---|
| 4. | റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനവും കാര്യപ്രാപ്തി വികസനവും | 27,73,200.00 |
| 5. | യാത്രപ്പടി - ഡയറക്ടർ, എസ്.ഡി.എസ്, എസ്.ആർ.പി. മാർ | 3,50,000.00 |
| 6. | മൊബൈൽ അലവൻസ് & ഇന്റർനെറ്റ് അലവൻസുകൾ | 5, 79,000,00 |
| 7. | റിസോഴ്സ് പേഴ്സൺസ് ട്രാവൽ അലവൻസ് ഏർൺഡ് ലീവ്-ഡയറക്ടർ, SDS, SAE & DRPs & BRPs MIS, AO | 46,52,000.00 |
| 8. | ഗതാഗത ചെലവ്/വാഹന വാടക | 8,40,000.00 |
| 9. | കമ്പ്യൂട്ടർ കൺസ്യൂമബിൾസ് | 3,78,000.00 |
| 10. | ഓഫീസ് വാടകയും, മറ്റ് ചെലവുകളും | 5,28,000.00 |
| 11. | യോഗ നടത്തിപ്പ് ചെലവുകൾ (ജനറൽ ബോഡി, ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ്, സംസ്ഥാന തല പരിപാടികൾ) | 5,78,2000.00 |
| | **ആകെ പ്രതീക്ഷിത ചെലവ്** | **21,18,32,200.00** |

2023-24 സാമ്പത്തിക വർഷത്തിൽ സോഷ്യൽ ഓഡിറ്റ് ഫണ്ട് ഇനത്തിൽ നാല് ഗഡുക്കളായി 19,09,36,000/-(പത്തൊൻപത് കോടി, ഒൻപത് ലക്ഷത്തി, മുപ്പത്തി ആറായിരം രൂപ) അനുവദിച്ചതിൽ തൻ വർഷം 14,33,36000 രൂപ വരവിനത്തിൽ ഉൾക്കൊള്ളിച്ചു. 4-ാം ഗഡു തുക 4,76,00,000 രൂപ 2024-25 സാമ്പത്തിക വർഷം അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുള്ളതാണ്. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിക്ക് കേന്ദ്ര ഗ്രാമവികസന വകുപ്പിൽ നിന്നും ലഭിച്ച തുക സംബന്ധിച്ച വിവരങ്ങൾ പട്ടിക 9 ൽ കൊടുത്തിരിക്കുന്നു.

### പട്ടിക 9

| അനുവദിച്ച തീയതി | ഉത്തരവ് നമ്പർ | അനുവദിച്ച തുക |
|---|---|---|
| 12.07.2023 | F.No.M 11015/02/2023/RE-VIII/SI.No. 05 | 4,78,68,000.00 |
| 27.10.2023 | F.No.M 11015/02/2023/RE-VIII/SI.No. 21 | 4,78,68,000.00 |
| 23.02.2024 | F.No.M 11015/02/2023/RE-VIII/SI.No. 37 | 4,76,00,000.00 |
| 27.03.2024 | F.No.M 11015/02/2023/RE-VIII/SI.No. 41 | 4,76,00,000.00 |
| **ആകെ** | | **19,09,36,000.00** |

**2023-24 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ പട്ടിക 10 ൽ ചേർക്കുന്നു.**

### പട്ടിക 10

| ക്രമ നമ്പർ | ചെലവ് ഇനം | തുക (രൂപയിൽ) |
|---|---|---|
| 1 | ഓഫീസ് ജീവനക്കാരുടെ ശമ്പളം/ഓണറേറിയം | 29,21,372.00 |
| 2 | റിസോഴ്സ് പേഴ്സൺമാരുടെ ഓണറേറിയം/ വേതനം | 15,55,39,118.00 |

| | | |
|---|---|---|
| 3 | ഡി.ആർ.പി. മാരുടയും എസ്.ആർ.പി. മാരുടെയും തിരഞ്ഞെടുപ്പും നിയമനവും | 1,49,367.00 |
| 4 | റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനവും കാര്യപ്രാപ്തി വികസനവും | 8,25,394.00 |
| 5 | യാത്രാപ്പടി- ഡയറക്ടർ, എസ്.ഡി.എസ്, എസ്.ആർ.പി - മാർ | 2,18,700.00 |
| 6 | മൊബൈൽ & ഇന്റർനെറ്റ് അലവൻസുകൾ | 8,26,750.00 |
| 7 | മറ്റ് അലവൻസുകൾ - റിസോഴ്സ് പേഴ്സൺസ് ട്രാവൽ അലവൻസ്, ഏൺഡ് ലീവ്- ഡയറക്ടർ, SDS, SAE, MIS, AO, DRP & BRP | 31,96,000.00 |
| 8 | ഗതാഗത ചെലവ് / വാഹന വാടക | 3,46,811.00 |
| **9** | **കമ്പ്യൂട്ടർ, കൺസ്യൂമബിൾസ്** | **2,92,773.00** |
| **10** | **ഓഫീസ് വാടകയും മറ്റ് ചിലവുകളും** | **10,50,671.00** |
| **11** | **യോഗ നടത്തിപ്പ് ചെലവുകൾ (ജനറൽ ബോഡി, ഗവേർണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി സംസ്ഥാന തല പരിപാടികൾ** | **95,990.00** |
| | **ആകെ ചെലവ്** | **16,54,62,946.00** |

**2023-24 സാമ്പത്തിക വർഷത്തെ കണക്കുകൾ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്(അനുബന്ധം 8 കാണുക).**

## V. 1. മറ്റ് സോഷ്യൽ ഓഡിറ്റുകളുമായി ബന്ധപ്പെട്ട ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ

1. 2023-24 സാമ്പത്തിക വർഷത്തിൽ പ്രധാനമന്ത്രി ആവാസ് യോജന [ഗ്രാമീൺ] പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ വാമനപുരം ബ്ലോക്കിന്റെ പൈലറ്റ് സോഷ്യൽ ഓഡിറ്റ് പൂർത്തീകരിക്കുന്നതിനായി നീക്കിയിരിപ്പ്, ആർജ്ജിത പലിശ രണ്ടും മൂന്നും ഗഡുക്കൾ ഉൾപ്പടെ ലഭ്യമായ 2,52,153.50 രൂപയിൽ നിന്നും 1,30,940.00 രൂപ ചെലഴിച്ചിട്ടുണ്ട്.
2. നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ആറ് ഫാമിലി ഹെൽത്ത് സെന്ററുകളുടെ പൈലറ്റ് സോഷ്യൽ ഓഡിറ്റ് നിർവഹിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം, മുൻവർഷത്തെ നീക്കിയിരിപ്പ്, 2-ാം ഗഡു, ആർജിത പലിശ എന്നിങ്ങനെ ലഭ്യമായ 5,23,652 രൂപയിൽ നിന്നും 4,44,412/- രൂപ റിസോർസ് പേർസൺസ് & കൺസൾട്ടന്റ് ഓണറേറിയം, ട്രെയിനിംഗ്, പ്രിന്റിംഗ് എന്നിങ്ങനെ വിവിധ ഇനങ്ങളിലായി വിനിയോഗിച്ചിട്ടുണ്ട്.
3. സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നാല് പദ്ധതികളുടെ ആദ്യഘട്ട സോഷ്യൽ ഓഡിറ്റ് നാല് ജില്ലകളിൽ നടത്തുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ ആർജ്ജിത പലിശ ഉൾപ്പെടെ ലഭ്യമായ 2,12,684 രൂപയിൽ നിന്നും റിസോഴ്സ് പേഴ്സൺ ഓണറേറിയം, ടി.എ, അഡ്മിനിസ്ട്രേറ്റീവ് ചെലവ്, ശില്പശാല നടത്തിപ്പ് എന്നീയിനങ്ങളിലായി 1,82,275/- രൂപ വിനിയോഗിക്കുകയും ചെയ്തു.
4. 2023-24 സാമ്പത്തിക വർഷത്തെ മറ്റ് സോഷ്യൽ ഓഡിറ്റുകളുമായി ബന്ധപ്പെട്ട ധനവിനിയോഗത്തിന്റെ വിവരങ്ങൾ പട്ടിക 11 ൽ കൊടുക്കുന്നു.

## പട്ടിക 11

(തുക രൂപയിൽ)

| ക്രമ നം | പദ്ധതിയുടെ പേര് | ലഭ്യമായ തുക(നീക്കിയിരിപ്പ് + ലഭിച്ച തുക +ആർജ്ജിത പലിശ ഉൾപ്പെടെ) | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| 1. | പി. എം. എ. വൈ. (ഗ്രാമീൺ) | 2,52,153.50 | 1,30,940.00 | 1,21,213.50 |
| 2. | ദേശീയ ആരോഗ്യ മിഷൻ (NHM) | 5,23,652.00 | 4,44,412.00 | 79,240.00 |
| 3. | സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയം | 2,12,684.00 | 1,82,275.00 | 30,409.00 |
| | **ആകെ** | **9,88,489.5** | **7,57,627.00** | **2,30862.50** |

### VI. സോഷ്യൽ ഓഡിറ്റ് ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കൈക്കൊണ്ട നടപടികൾ

1. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകൾ നികത്തി സോഷ്യൽ ഓഡിറ്റ് പ്രവർത്തനം കാര്യക്ഷമമാക്കി.
2. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ പിന്തുണയും സഹകരണവും ഉറപ്പാക്കുന്നതിന് അദ്ധ്യക്ഷന്മാരുമായും, സെക്രട്ടറിമാരുമായും നിരന്തരം ആശയവിനിമയം നടത്തുന്നതിന് നടപടികൾ സ്വീകരിയ്ക്കുകയും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ യഥാസമയം ലഭ്യമാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് പ്രക്രിയയിൽ പഞ്ചായത്തുകളുടെ പിന്തുണ ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.
3. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കിയ മാതൃകാപരമായ പ്രവർത്തനാനുഭവങ്ങൾ ഉൾച്ചേർക്കുന്നതിന് കഴിയുംവിധം സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കത്തിലും ഘടനയിലും മാറ്റം വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. പുതുക്കിയ ഘടനയിലും ഉള്ളടക്കത്തിലുമാണ് ഇപ്പോൾ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി ഗ്രാമസഭയിലും പബ്ലിക്ക് ഹിയറിംഗുകളിലും അവതരിപ്പിക്കുന്നത്.
4. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ പൂർണ്ണമായും പഞ്ചായത്തിലെ ജനപ്രതിനിധികളോടും ഉദ്യോഗസ്ഥരോടും ആദരവും പരസ്പര സഹകരണവും പുലർത്തണമെന്ന് കർശനമായ നിർദ്ദേശം നൽകുകയും, ഇത്തരം കാര്യങ്ങൾ പരിശീലനത്തിൽ ഉൾച്ചേർക്കുകയും ചെയ്തതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ പെരുമാറ്റത്തിലും മനോഭാവത്തിലും മാറ്റം വരുത്തി സോഷ്യൽഓഡിറ്റിന്റെ സ്വീകാര്യത വർദ്ധിപ്പിയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.
5. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് എല്ലാ മാസവും ജില്ലാ റിസോഴ്സ് പേഴ്സൺമാ

ന്തടെ യോഗവും, ജില്ലാ തലത്തിൽ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും ബ്ലോക്ക് തലത്തിൽ വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ യോഗവും കൃത്യമായ അജണ്ടയോടുകൂടി നടത്തപ്പെടുകയും സോഷ്യൽ ഓഡിറ്റ് പുരോഗതി വിലയിരുത്തുകയും, സാമ്പത്തിക പുരോഗതിയും, ഭൗതിക പുരോഗതിയും റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രൊഫോർമകൾ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളുടെയും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ എം.ഐ.എസ്സ്. പോർട്ടലിൽ ലഭ്യമാക്കി ഉറപ്പു വരുത്തിയിട്ടുണ്ട്.

6. വിവിധ തലങ്ങളിലുള്ള സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ വേതനം കഴിഞ്ഞ രണ്ട് വർഷക്കാലമായി യാതൊരു മുടക്കവും കൂടാതെ വിതരണം ചെയ്യുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ 2021-22 വർഷത്തിൽ മൂന്ന് മാസത്തെ വേതന കുടിശ്ശിക സോഷ്യൽ ഓഡിറ്റ് നടപ്പാക്കിയ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കും വിതരണം ചെയ്യുകയുണ്ടായി.
7. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്കും തുടർ പരിശീലനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. 2023-24 സാമ്പത്തിക വർഷത്തിൽ മുഴുവൻ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും ദ്വിദിന റീ- ഓറിയന്റേഷൻ പ്രോഗ്രാം അതാത് ജില്ലയിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി.
8. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ നിർവ്വഹണ ഏജൻസികൾക്കും സർക്കാരിലേക്കും നൽകി പദ്ധതി നിർവ്വഹണത്തിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
9. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും മികവുറ്റതുമായ രീതിയിൽ നടപ്പാക്കുന്നതിന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഫീസുമായി ആശയവിനിമയം നടത്തുകയും മുൻവർഷങ്ങളിലെ വാർഷിക ഭരണ റിപ്പോർട്ട് കൈമാറുകയും ചെയ്തിട്ടുണ്ട്.
10. സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിന്റെ സുതാര്യതയും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ നവീകരിച്ച വെബ്പോർട്ടൽ ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് ഉത്ഘാടനം ചെയ്തു, പൊതുജനങ്ങൾക്ക് സോഷ്യൽ ഓഡിറ്റിന്റെ രീതി ശാസ്ത്രവും, പുരോഗതിയും ആയതിലൂടെ ലഭ്യമാക്കുന്നു എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.
11. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി 2023-24 സാമ്പത്തിക വർഷത്തിൽ വിവിധ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കായി താഴെ സൂചിപ്പിക്കുന്ന പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കി വിതരണം ചെയ്തു.

1. 2022-23 വാർഷിക ഭരണ റിപ്പോർട്ട് (മലയാളം & ഇംഗ്ലീഷ്)
2. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) സോഷ്യൽ ഓഡിറ്റ് കൈപ്പുസ്തകം
3. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ സോഷ്യൽ ഓഡിറ്റ് - കൈപ്പുസ്തകം
4. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ (MIS അടിസ്ഥാനമാക്കിയ ഇനം തിരിച്ച പട്ടിക) - കൈപ്പുസ്തകം

12. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (സർക്കുലറുകൾ) പട്ടിക -12 ൽ ചേർക്കുന്നു.

**പട്ടിക 12**

| ക്രമ നം. | വിഷയം | തീയതി |
|---|---|---|
| 1. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെ നടപ്പിലാക്കിയ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് -സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കുള്ള കത്ത് | 13.04.2023 |
| 2. | ടെസ്റ്റ് ഓഡിറ്റ് പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ | 18.04.2023 |
| 3. | ടെസ്റ്റ് ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കൽ സംബന്ധിച്ച നിർദ്ദേശങ്ങൾ | 29.04.2023 |
| 4. | ഗ്രാമപഞ്ചായത്തിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ക്രോഡീകരിച്ച് തയ്യാറാക്കുന്നത്-ബ്ലോക്ക്-ജില്ലാ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച് | 05.05.2023 |
| 5. | സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ വേതനം നിശ്ചയിക്കുന്നത് സംബന്ധിച്ച് | 24.05.2023 |
| 6. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതു സംബന്ധിച്ച് | 25.05.2023 |
| 7. | ബി.ആർ.പി (ഇൻചാർജ്ജ്) മാരുടെ ലോഗിൻ ഐഡി റെഗുലർ ബി.ആർ. പി. മാർക്ക് കൈമാറുന്നത് സംബന്ധിച്ച് | 17.06.2023 |
| 8. | വി. ആർ. പി. സ്വന്തം പഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് നടത്താൻ കഴിയില്ല എന്നത് സംബന്ധിച്ച് | 27.06.2023 |
| 9. | ബി.ആർ.പി മാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിനുള്ള പ്രവൃത്തി ദിനങ്ങൾ വിഭജിച്ച് നൽകികൊണ്ടുള്ള ഉത്തരവ് - സംബന്ധിച്ച് | 19.07.2023 |
| 10. | സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട എക്സിറ്റ് മീറ്റിംഗ് നടത്തുന്നതു സംബന്ധിച്ച് അധിക വിശദീകരണം | 29.07.2023 |
| 11. | സോഷ്യൽ ഓഡിറ്റ് ടീം കണ്ടെത്തുന്ന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് | 01-08-2023 |
| 12. | വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഓരോ ദിവസത്തെയും സോഷ്യൽ ഓഡിറ്റ് പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കൽ സംബന്ധിച്ച് | 03.08.2023 |
| 13. | 2023-24 വർഷത്തെ രണ്ടാംപാദ സോഷ്യൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കൽ സംബന്ധിച്ച് | 16.10.2023 |
| 14. | സോഷ്യൽ ഓഡിറ്റ് ഗുണമേന്മ ഉറപ്പാക്കുന്നതിനും ഉയർന്ന കാര്യക്ഷമത കൈവരിക്കുന്നതിനും ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നിർബന്ധമായും നടപ്പാക്കേണ്ട കാര്യങ്ങൾ | 30.10.2023 |
| 15. | സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് | 09.11.2023 |
| 16. | സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി എം. ഐ. എസ്സിൽ പട്ടികപ്പെടുത്തിയിട്ടുള്ള നിർവ്വഹണ പ്രശ്നങ്ങൾ സംബന്ധിച്ച് | 25.11.2023 |

| ക്രമ നം. | വിഷയം | തീയതി |
|---|---|---|
| 17. | സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ പ്രായോഗിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ - സംബന്ധിച്ച് | 27.11.2023 |
| 18. | ഗ്രാമപഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ വി. ആർ. പിമാരെ വിന്യസിക്കുന്നതു -സംബന്ധിച്ച് | 02.12.2023 |
| 19. | സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ | 09.12.2023 |
| 20. | സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ കൃത്യനിഷ്ഠയും സ്ഥിരമായ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ ഒഴിവാക്കുന്നതു സംബന്ധിച്ച് | 30.12.2023 |
| 21. | 2024 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികളിൽ ബഹു. പഞ്ചായത്ത് പ്രസിഡന്റുമാർ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കുന്നതു സംബന്ധിച്ച് | 09.01.2024 |
| 22. | 2024 ജനുവരി മാസത്തെ വേതന വിതരണം സംബന്ധിച്ച് | 10.02.2024 |

## VII. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ വെബ്സൈറ്റ് പരിഷ്കരണം

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വെബ്സൈറ്റ് കൂടുതൽ സവിശേഷതകളും വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഉപയോക്തൃ സൗഹൃദമാക്കി (User Friendly) പുതിയ രൂപത്തിൽ പ്രകാശനം ചെയ്യാൻ സാധിച്ചു. ബഹു.തദ്ദേശ സ്വയംഭരണ - എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.എം.ബി.രാജേഷ് 2024 മാർച്ച് 20-ാം തീയതി പ്രകാശനം ചെയ്തു. പ്രധാന സവിശേഷതകൾ:

1. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ദർശനവും ലക്ഷ്യങ്ങളും വ്യക്തമാക്കുന്ന
2. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഘടന-(ഗവേണിംഗ് ബോഡി, ജനറൽ ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി തുടങ്ങിയവ)
3. സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച മാർഗ്ഗരേഖകൾ, ഉത്തരവുകൾ, സർക്കുലറുകൾ
4. വിവിധ യോഗങ്ങളുടെ നടപടിക്കുറിപ്പുകൾ
5. എം.ജി.എൻ.ആർ.ഇ.ജി.എ സോഷ്യൽ ഓഡിറ്റ് കലണ്ടർ
6. സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി റിപ്പോർട്ട്





7. മറ്റു സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ
8. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ- വർഷം തിരിച്ചും ജില്ല തിരിച്ചും ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും
9. സോഷ്യൽഓഡിറ്റ്സൊസൈറ്റിനടപ്പിലാക്കുന്ന കാര്യശേഷി വികസന പ്രവർത്തനങ്ങൾ, സംസ്ഥാന/ജില്ലാതല ശില്പശാലകൾ
10. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിക്കുന്ന കൈപ്പുസ്തകങ്ങൾ
11. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ

## VIII. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഭാവി പരിപാടികളും കാഴ്ചപ്പാടും

